**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1563** **10-10-2024 - ൽ മറുപടിയ്ക്ക്**

**ഭൂമിയുടെ ന്യായവില പുനർനിർണയം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | മഞ്ചേരി, നറുകര വില്ലേജുകളിലെ ഭൂമിയുടെ ന്യായവില പുനർനിർണയം സംബന്ധിച്ച് 11.09.2024ന് ബഹുമാനപ്പെട്ട രജിസ്ട്രേഷൻ വകുപ്പ് മന്ത്രിക്ക് നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | മഞ്ചേരി, നറുകര വില്ലേജുകളിലെ ഭൂമിയുടെ ന്യായവില പുനർനിർണയം സംബന്ധിച്ച് 28/09/2024 തീയതിയിലെ സ.ഉ.(കൈ)63/2024/നി.വ. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ന്യായവില പുനർനിർണയം സംബന്ധിച്ച നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി പൊതുജനങ്ങൾക്ക് രജിസ്ട്രേഷൻ സേവനങ്ങൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | കേരള മുദ്രപ്പത്ര ആക്റ്റ് വകുപ്പ് 28 എ പ്രകാരം ആർ.ഡി.ഒ.മാരാണ് ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്നത്. 06/03/2010 തീയതിയിലെ 515 നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപന പ്രകാരം നിലവിൽ വന്ന ന്യായവില അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാനത്ത ന്യായവില കണക്കാക്കി വരുന്നത്. സംസ്ഥാനത്തൊട്ടാകെ ഭൂമിയുടെ ന്യായവില പുതുക്കി നിശ്ചയിക്കുവാൻ അനുമതി നൽകിയും അതിനായി സ്വീകരിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ചും പുറപ്പെടുവിച്ച 14/08/2018 ലെ സ.ഉ.(കൈ)നം.302/2018/റ.വ.നമ്പർ സർക്കാർ ഉത്തരവ് പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ലാന്റ് റവന്യൂ കമ്മീഷണർ, ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണർ, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, സർവ്വേ ആന്റ് ലാന്റ് റിക്കോർഡ്സ് ഡയറക്ടർ എന്നിവർ ചേർന്ന് ഒരു സബ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതും പ്രസ്തുത കമ്മിറ്റി ടി വിഷയം പരിശോധിച്ച് വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ